# മാറാട്
# സമീപനത്തിലെ കാപട്യം

ഹാശിം എളമരം

**സാക്ഷരതയിലും** പ്രതികരണശേഷിയിലും മുൻനിരയിലുള്ള കേരളത്തിലെ ഒരു സാമൂഹിക പ്രവർത്തകൻ നിരപരാധിത്വം തെളിയിച്ച് പുറത്തിറങ്ങിയത് ഒമ്പതരവർഷത്തെ ജയിൽവാസത്തിനു ശേഷമാണ്. അബ്ദുന്നാസിർ മഅ്ദനി നേരിട്ട ദുരനുഭവം കേരളീയർക്ക് ഒട്ടേറെ പാഠങ്ങളും തിരിച്ചറിവുകളും നൽകേണ്ടതുണ്ട്.

മഅ്ദനി വിഷയം ആമുഖമാക്കിയത് മറ്റൊരു മനുഷ്യാവകാശ പ്രശ്നത്തെക്കുറിച്ച് പറയാനാണ്. മാറാട്ട് ഒമ്പത് മനുഷ്യർ നിഷ്ഠുരമായി കൊലചെയ്യപ്പെട്ട സംഭവത്തിൽ കടപ്പുറത്തുനിന്ന് പോലീസ് കിട്ടിയവരെയെല്ലാം ഒറ്റ രാത്രികൊണ്ട് പൊക്കിയെടുത്ത് ലോക്കപ്പിലിട്ടു. പിടികൂടപ്പെട്ട 138 പേർ നാലര വർഷമായി ജയിലഴിക്കുള്ളിലാണ്. കുറ്റവാളികളെയും നിരപരാധികളെയും തീരുമാനിക്കേണ്ടത് കോടതിയാണ്. എന്നാൽ, പ്രോസിക്യൂഷൻ വിസ്താരം പൂർത്തിയാക്കിയെങ്കിലും കുറ്റം ആരോപിക്കപ്പെടാത്ത നിരവധി പേർ തടവ് അനുഭവിക്കുന്നുണ്ട്. മഅ്ദനിയെപ്പോലെ ഈ നിരപരാധികളുടെ അകാരണമായ തടവുശിക്ഷക്ക് ആര് മറുപടി പറയും? രാഷ്ട്രീയ പാർട്ടികൾക്ക് അവരുടേതായ അജണ്ടയും താൽപര്യങ്ങളുമുണ്ടായതുകൊണ്ട് അക്കാര്യം അവഗണിക്കാം. സ്വന്തം പാർട്ടി താൽപര്യങ്ങൾക്കപ്പുറം മനുഷ്യാവകാശങ്ങൾക്ക് വിലകൽപിക്കുന്ന ഒരു രാഷ്ട്രീയ പാർട്ടിയും കേരളത്തിലുണ്ടെന്ന് തോന്നുന്നില്ല. അതുകൊണ്ടുതന്നെ കേരളത്തിലെ മത-സാമൂഹിക-മനുഷ്യാവകാശ സംഘടനകളുടെ ഇടപെടൽ ഇവിടെ പ്രസക്തമാണ്.

2003 മെയ് രണ്ടിന് മാറാട് കടപ്പുറത്ത് നടന്ന ക്രൂരമായ കൊലപാതകങ്ങളെ ഒരു മതസംഘടനയും അനുകൂലിച്ചില്ലെന്നതും സംഭവത്തെ ഒറ്റക്കെട്ടായി അപലപിച്ചതും അക്രമിക്കപ്പെട്ടവർക്ക് സാന്ത്വനമേകിയതും പ്രശംസിക്കപ്പെടേണ്ടതുതന്നെ. സംഭവത്തോടനുബന്ധിച്ച് നാനൂറോളം കുടുംബങ്ങൾ പലായനം ചെയ്തപ്പോഴും പുനരധിവാസം നടന്ന ശേഷം കുടുംബങ്ങളുടെ ജീവിതം മുന്നോട്ടുകൊണ്ടുപോകാനാവാത്ത സാഹചര്യത്തിലും സംഘടനകൾ ഒറ്റക്കും കൂട്ടായും സഹായങ്ങൾ ചെയ്തതും വിസ്മരിക്കുന്നില്ല.

അതേസമയം, അനിഷ്ട സംഭവം നടന്ന ദിവസം രാത്രി കടപ്പുറത്തെ ജുമുഅത്ത് പള്ളിയിൽ ഒരുമിച്ചുകൂടിയവരെയെല്ലാം പോലീസ് പിടികൂടുകയായിരുന്നു. സംഘർഷമേഖലയിൽ ക്രമസമാധാന പാലനത്തിന് നിയമപാലകർ നടത്തുന്ന സ്ഥിരം ഏർപ്പാടെന്ന് കരുതി പിടികൂടപ്പെട്ടവർ സമാധാനിച്ചുകാണും. എന്നാൽ, ആശ്വാസം ദുരിതങ്ങൾക്ക് വഴിമാറുന്നതാണ് പിന്നീട് കണ്ടത്. പോലീസ് രണ്ടു ദിവസങ്ങൾക്കകം ചോദ്യം ചെയ്ത് വിട്ടയക്കുമെന്ന അധികാരത്തിലുണ്ടായിരുന്ന സമുദായ പാർട്ടി നേതാക്കളുടെ വാഗ്ദാനം അവർതന്നെ വിഴുങ്ങിയതും മുഖ്യമന്ത്രി ആന്റണിയുടെ ശക്തമായ കരുനീക്കങ്ങളും പിടികൂടപ്പെട്ടവരുടെ ജയിൽവാസം അനന്തമായി നീളുന്നതിന് കാരണമായി. പിടിക്കപ്പെട്ടവരെയെല്ലാം കുറ്റവാളികളാക്കി മൂന്ന് മാസങ്ങൾക്കകം അതിവേഗത്തിൽ കുറ്റപത്രം നൽകുകകൂടി ചെയ്തതോടെ ചിത്രം പൂർത്തിയായി. ഒരാൾക്കു പോലും ജാമ്യം ലഭിക്കരുതെന്ന ഭരണകൂടത്തിന്റെ നിർബന്ധമായിരുന്നു അതിവേഗ കുറ്റപത്ര സമർപ്പണത്തിനു പിന്നിൽ. പിന്നീട് ജാമ്യാപേക്ഷകൾ കോടതിയുടെ പരിഗണനക്കെത്തിയപ്പോഴൊക്കെ പ്രോസിക്യൂഷൻ ശക്തമായി എതിർത്തു. നാലര വർഷം പിന്നിട്ടപ്പോൾ ചോദ്യം ചെയ്യൽ പ്രക്രിയ പൂർത്തിയായി. ഇനി പ്രതിഭാഗം തെളിവെടുപ്പും വാദവും പൂർത്തിയാക്കേണ്ടതുണ്ട്. വിധി വരുമ്പോഴേക്കും എത്ര മാസം പിന്നിടുമെന്ന് കാത്തിരുന്നു കാണാം. ഇതിനിടെ സംഭവം സി.ബി.ഐ അന്വേഷിക്കുന്നതിന് അനുമതി തേടി സംസ്ഥാന സർക്കാർ കേന്ദ്രത്തെ സമീപിച്ചിരിക്കുന്നു. സി.ബി.ഐ അന്വേഷണത്തിന് കേന്ദ്രാനുമതി ഉണ്ടായാൽ അത് വിചാരണത്തടവുകാരുടെ ഭാവിയിൽ വീണ്ടും കരിനിഴൽ വീഴ്ത്തുമെന്ന് ചൂണ്ടിക്കാട്ടപ്പെടുന്നു.

അനന്തമായ വിചാരണത്തടവ്, തടവുകാരുടെ മാനസികാവസ്ഥയെത്തന്നെ ബാധിച്ചതായാണ് റിപ്പോർട്ട്. ജയിലിനകത്തുതന്നെ ചിലപ്പോഴൊക്കെ വാക്കേറ്റവും സംഘർഷവുമുണ്ടാവുന്നു. അബ്ദുന്നാസിർ മഅ്ദനിയെപ്പോലെ തടവിനെ നേരിടാനുള്ള ചങ്കുറപ്പും മനോധൈര്യവുമില്ലാത്ത മത്സ്യത്തൊഴിലാളികളുടെ മാനസികാവസ്ഥ ഊഹിക്കാവുന്നതേയുള്ളൂ. കുറ്റവാളികൾ ശിക്ഷിക്കപ്പെടണമെന്ന കാര്യത്തിൽ മാറാട്ടെ തടവുകാരുടെ കുടുംബങ്ങൾക്കും രണ്ടഭിപ്രായമില്ല. സംഘടനാബലമോ സാമ്പത്തിക പിൻബലമോ ഇല്ലാത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നിരപരാധികളെ മോചിപ്പിക്കുന്നതിന് പിന്തുണ ലഭിക്കുകയാണ് ആവശ്യം. ഇക്കാര്യം ഗൗരവത്തോടെ ആവശ്യപ്പെടാൻ രാഷ്ട്രീയ പാർട്ടികളും മത-സാമൂഹിക സംഘടനകളും മുന്നോട്ടുവരാത്തതിൽ അവർക്ക് ദുഃഖമുണ്ട്. അതോടൊപ്പം, സാഹചര്യം മുതലെടുക്കാൻ തീവ്രവാദത്തിന്റെ വക്താക്കൾ രംഗത്തുവരുന്നത് സമുദായത്തിന് നല്ല സൂചനയല്ല നൽകുന്നത്.

■